"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- ആലപ്പുഴ ജില്ലയിൽ പറവൂർ വില്ലേജിൽ ശക്തമായ കാറ്റിൽ മൽസ്യബന്ധന വള്ളത്തിന് ഉണ്ടായ നാശനഷ്ടത്തിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.220/2026/DMD തീയതി,തിരുവനന്തപുരം, 18-05-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.343/2015/ഡിഎംഡി, തീയതി 23/07/2015
2. സ.ഉ(കൈ)നം.6/2023/ഡിഎംഡി, തീയതി 18/06/2023
3. CMDRF പോർട്ടലിൽ ശ്രീ.ബഞ്ചമിൻ സമർപ്പിച്ച D250806088 ഡോക്കറ്റ് നമ്പർ അപേക്ഷ

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ പറവൂർ വില്ലേജിൽ ശ്രീ.ബഞ്ചമിന്റെ ഉടമസ്ഥതയിലുള്ള IND-KL-03-MO-3681 DON എന്ന മൽസ്യബന്ധന വള്ളം പറവൂർ ഗലീലിയ ജങ്ക്ഷന് തെക്കുവശം ഉള്ള വട്ടത്തിൽ കുരിശടിയുടെ അടുത്ത് വെച്ച് 26/03/2025 രാവിലെ 10.30 ന് ശക്തമായ കാറ്റിൽ കാറ്റാടി മരം വീണു വള്ളം പൂർണമായി കേടുപാട് സംഭവിക്കുകയും, ഒന്നര ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായും, ആയതിനു ധനസഹായം അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) ശക്തമായ കാറ്റ് പരാമർശം (1) പ്രകാരം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിൽ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച യന്ത്രവത്കരിക്കാത്ത മത്സ്യബന്ധന വള്ളങ്ങൾക്ക് 15000/- രൂപ അനുവദിക്കാവുന്നതാണെന്ന പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ പറവൂർ വില്ലേജിൽ ശ്രീ.ബഞ്ചമിന്റെ ഉടമസ്ഥതയിലുള്ള വള്ളതിന്നു ഉണ്ടായ നാശനഷ്ടത്തിന് 15,000/- രൂപ 2245-02-118-99 - Flood - Repair & replacement of damaged fishing boats എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 19-05-2026 10:32:44
സെക്ഷൻ ഓഫീസർ